# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


No. KEEC/GL/2015

തിരുവനന്തപുരം
13-07-2015

സ്വീകർത്താവ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: കാഷ്യർ ഒഴിവുകൾ - കോടതിയിൽ നൽകിയ സത്യവാങ്മൂലം സംബന്ധിച്ച്.

സൂചന: EB 3/Cashier WPC 31354/2014/04.07.2015

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ സെക്ഷൻ ഓഫീസുകളിൽ കാഷ്യർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകൊണ്ടാണല്ലോ ട്രെയിനിമാരെ നിയമിച്ചിരിക്കുന്നത്. ക്യാഷ് കളക്ഷൻ താൽക്കാലിക ജീവനക്കാരനെ ഏൽപ്പിക്കാൻ പറ്റില്ലായെന്ന് ബോർഡിന് അറിയാവുന്നതാണ്. നിലവിലുള്ള 404 ഒഴിവുകൾ കമ്പ്യൂട്ടറൈസേഷന് മുൻപുള്ളതാണെന്നും കമ്പ്യൂട്ടറൈസേഷൻ വന്നതോടെ ഒഴിവുകൾ ഇല്ലാതായിയെന്നുമുള്ള ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ന്റെ കുറിപ്പ് അജ്ഞതമൂലമാണ്. കമ്പ്യൂട്ടറൈസേഷൻ വന്നതിന്റെ ഭാഗമായി ക്യാഷ് കളക്ഷൻ സമയം 8 AM മുതൽ 6 PM വരെയാക്കിയത് എച്ച്.ആർ.എം നോ അദ്ദേഹത്തിന്റെ ഓഫീസിനോ അറിയില്ലായിരിക്കാം. (മുമ്പ് 10 AM മുതൽ 3 PM വരെ ആയിരുന്നു) തെറ്റായ വിവരങ്ങൾ കോടതിയെ ധരിപ്പിച്ചത് കോടതീയലക്ഷ്യമാണ്. PDA വരുന്നതുമൂലം ഒഴിവ് ഇല്ലാതാകുന്നുവെന്നതാണ് ചീഫ്

എഞ്ചിനീയറുടെ മറ്റൊരു വാദം. PDA നടപ്പിലാക്കുക എന്നുള്ളത് സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമാണ്. Industrial Dispute Act ന്റെ പരിധിയിൽ വരുന്ന ഈ സ്ഥാപനത്തിൽ യൂണിയനുകളുമായി ചർച്ച ചെയ്യാതെ സിസ്റ്റം ചെയിഞ്ച് ചെയ്യാൻ പറ്റില്ല, വർക്കേഴ്സിന്റെ നോം നിശ്ചയിക്കുന്നത് ഉഭയകക്ഷി കരാറിലൂടെയാണ്. ഒരു കരാറിലൂടെ എടുത്ത തീരുമാനങ്ങൾ മാറ്റിമറിക്കാൻ ചീഫ് എഞ്ചിനീയർക്ക് അധികാരമില്ല. അതിനാൽ കോടതിയിൽ തെറ്റായി നൽകിയിരിക്കുന്ന സത്യവാങ്മൂലം പിൻവലിച്ച് നിലവിലുള്ള കാഷ്യർ ഒഴിവുകൾ കോടതിയെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി